"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വായ്പയായി നൽകിയ തുകയുടെ വായ്പാ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതും പിഴപലിശ ഒഴിവാക്കുന്നതും സംബന്ധിച്ച കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും(ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.782/2025/LBR തീയതി,തിരുവനന്തപുരം, 27-06-2025**

പരാമർശം:-
1. 07.06.2024-ലെ സ.ഉ(സാധാ) നം. 611/2024/തൊഴിൽ.
2. 11.05.2025-ലെ 698-ാമത് ബോർഡ് യോഗ തീരുമാനം.
3. 30.05.2025-ലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/ACCTS 2/433/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2 കോടി രൂപ ഒരു വർഷത്തിനകം തിരിച്ചടയ്ക്കണമെന്നുള്ളതുൾപ്പെടെയുള്ള നിബന്ധനകളോട്ടുകൂടി വായ്പ നൽകുന്നതിന് പരാമർശം(1) പ്രകാരം അനുമതി നൽകിയിരുന്നു.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.06.2024-ന് ഇരുബോർഡുകളും ധാരണാപത്രം ഒപ്പുവയ്ക്കുകയും 2 കോടി രൂപ അനുവദിയ്ക്കുകയും ചെയ്തുവെന്നും വായ്പാ കാലാവധി അവസാനിക്കാറായിരിക്കെ വായ്പാ കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്നും വായ്പ തുകയ്ക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴപലിശ ഒഴിവാക്കി നൽകണമെന്നും 25.04.2025-ൽ കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ച സാഹചര്യത്തിൽ വിഷയം പരാമർശം(2) ബോർഡ് യോഗം പരിഗണിച്ചതായും കരാർ കാലാവധി പൂർത്തിയാകുമ്പോൾ കരാർ പ്രകാരമുള്ള പലിശ മാത്രം ഒടുക്കുവരുത്തി പിഴ പലിശ ഒഴിവാക്കി കൊണ്ട് 8% പലിശ നിരക്കോ അല്ലെങ്കിൽ കരാർ തീയതിയിലെ ബാങ്ക്/ട്രഷറിയിലെ ഉയർന്ന പലിശ നിരക്കോ ഏതാണോ കൂടുതൽ, പ്രസ്തുത പലിശ നിരക്കിൽ ഒരു വർഷ കാലയളവിലേയ്ക്കുകൂടി കരാർ പുതുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കാൻ തീരുമാനികകയും ചെയ്തിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ രണ്ട് കോടി രൂപ മടക്കി നൽകുന്നതിന് ഒരു വർഷത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ച് നൽകവാനും എഗ്രിമെന്റ് പ്രകാരമുള്ള പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള കള്ള് വ്യവസായ വികസന ബോർഡും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡും തമ്മിലുള്ള വായ്പാ കരാറിന്റെ കാലാവധി പൂർത്തിയാകുമ്പോൾ കരാർ പ്രകാരമുള്ള പലിശ മാത്രം ഒടുക്കുവരുത്തി പിഴ പലിശ ഒഴിവാക്കി കൊണ്ട് 8% പലിശ നിരക്കോ അല്ലെങ്കിൽ കരാർ തീയതിയിലെ ബാങ്ക്/ട്രഷറിയിലെ ഉയർന്ന പലിശ നിരക്കോ

ഏതാണോ കൂടുതൽ പ്രസ്തുത പലിശ നിരക്കിൽ ഒരു വർഷ കാലയളവിലേയ്ക്കുകൂടി കരാർ പുതുക്കുന്നതിനുള്ള പരാമർശം(2) ബോർഡ് യോഗതീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് വ്യവസായ വികസന ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 27-06-2025 12:56:49
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.